പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 720 — 27/4/2017 ൽ മറുപടിക്ക്

## കോഴി, പശു വളർത്തൽ പദ്ധതികൾ

ചോദ്യം

ശ്രീ.ബി.സത്യൻ:

മറുപടി

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ പദ്ധതി എത്ര പഞ്ചായത്തുകളിൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുകളിൽ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നില്ല. സ്കൂൾ പൗൾട്രി ക്ലബ് എന്ന കോഴി വളർത്തൽ പദ്ധതി സ്കൂളുകൾ വഴിയാണ് നടപ്പിലാക്കുന്നത്. |
| ബി) | പട്ടികജാതി വകുപ്പുമായി ചേർന്ന് തൊഴിലധിഷ്ഠിത പദ്ധതികളായ കോഴി, പശുവളർത്തൽ പദ്ധതികൾ നിലവിലുണ്ടോ; പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) | "2 പശു 3 കന്നുകുട്ടികളും" എന്ന പദ്ധതി പട്ടികജാതി വകുപ്പുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പ് നടത്തപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിക്കായി 499.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വകുപ്പുമായി ചേർന്ന് കോഴി വളർത്തൽ പദ്ധതി പുതിയതായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 57.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേജ് സിസ്റ്റം, ഡീപ്പ് ലിറ്റർ സിസ്റ്റം എന്നിങ്ങനെ രണ്ട് രീതിയിലുള്ള കോഴിവളർത്തൽ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) | പശുഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | സി) | പശുഗ്രാമം പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നില്ല. |
| ഡി) | മൃഗാശുപത്രികളുടെ നവീകരണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; തെരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളെ മാതൃക കേന്ദ്രങ്ങളാക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ? | ഡി) | നിലവിലുള്ള മൃഗാശുപത്രികളുടെ അറ്റകുറ്റപ്പണികൾ, ജീർണ്ണാവസ്ഥയിൽ സ്ഥിതിചെയ്യുന്ന മൃഗാശുപത്രികൾക്ക് പുതിയ കെട്ടിടം എന്നിവയാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിനായി പൊതുമരാമത്ത് വകുപ്പിന്റെ മൂലധന ശീർഷകത്തിൽ 2017-18-ൽ 5 കോടി രൂപ വകയിരിത്തിയിരിക്കുന്നു. മൃഗാശുപത്രികളെ മാതൃകാ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നിലവിലില്ല. |

സെക്ഷൻഓഫീസർ